ഉത്തരം

(എ) കായംകുളം നഗരസഭയിൽ മാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കായി 2.40 കോടി രൂപയുടെ പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 100% സാമ്പത്തിക സഹായവും 2011-12, 2012-13 വർഷങ്ങളിലായി ശുചിത്വമിഷനിൽനിന്നും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 1,80,18,000 രൂപയുടെ പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്ക് ഒന്നാംഘട്ട ഗഡുവായി 76,32,900 രൂപയും കായംകുളം നഗരസഭയ്ക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) ആലപ്പുഴ നഗരസഭയിൽ ഉറവിട മാലിന്യ സംസ്ക്കരണ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 29880000 രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 10513200 രൂപയും 2012-2013 വർഷത്തിൽ കൈമാറിയിട്ടുണ്ട്. കൂടാതെ നിർമ്മല നഗരം നിർമ്മല ഭവനം പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 39150000 രൂപയുടെ പദ്ധതിക്ക് അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേയ്ക്കായി 4211250 രൂപയും നാളിതുവരെയായി നൽകിയിട്ടുണ്ട്.

**കൊട്ടാരക്കര മണ്ഡലത്തിലെ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികൾ**

183 (7482) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജില്ലാപഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളും അതിന്റെ ദൈർഘ്യവും വ്യക്തമാക്കുമോ ;

(ബി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെയും അവയുടെ നിലവിലുള്ള സ്ഥിതിയും പഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകളുടെ പദ്ധതി വിഹിതം**

184 (7483) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ പഞ്ചായത്തുകൾക്കായി 2013-14 വർഷത്തിൽ പദ്ധതിവിഹിതമായി എത്ര തുകയാണ് വകയിരുത്തിയിരുന്നത് ;

(ബി) ഓരോ പഞ്ചായത്തും പദ്ധതിവിഹിതം എത്ര ചെലവഴിച്ചുവെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ;



LIBRARY ARCHIVES Kerala Legislative Assembly